# കേരള വാറ്റ് നിയമത്തിൽ 2018–ൽ വരുത്തിയ ഭേദഗതി ഭരണഘടനാവിരുദ്ധം

## കേരള ഹൈക്കോടതി

W.P. (C) No. 36953/2018 Dt. 6.12.2019

ബൈജു എ.എ. x സ്റ്റേറ്റ് ടാക്സ് ഓഫീസർ

മൂല്യാധിഷ്ഠിത നികുതി ബാധകമായ സ്ഥാപനത്തിന്റെ ഉടമസ്ഥനായ നികുതിദായകനാണ് ഹർജിക്കാരൻ. കൃത്യമായി നികുതി അടച്ചുവരുന്നയാളാണ് ഹർജിക്കാരൻ. നികുതിദായകന്റെ 2012–ലെ നികുതി നിർണ്ണയത്തിൽ അപാകമുണ്ടെന്നു കണ്ട നികുതി ഉദ്യോഗസ്ഥൻ നികുതി നിർണ്ണയം പുനഃപരിശോധിക്കാൻ പോകുകയാണെന്ന് നികുതിദായകനെ അറിയിച്ചു. 2018–ലാണ് മേൽപറഞ്ഞ നോട്ടീസ് നല്കിയത്. നികുതി നിർണ്ണയം പുനഃപരിശോധിക്കുന്നതിനുള്ള കാലാവധി അഞ്ച് വർഷമാണ്. പ്രസ്തുത കാലാവധി വിവിധ വർഷങ്ങളിലായി ആറ് വർഷവും ഏഴ് വർഷവുമായി ദീർഘിപ്പിച്ചു. കാലാവധി ഏഴ് വർഷമായി ദീർഘിപ്പിച്ചത് 2018–ലാണ്. അതിനു മുമ്പ് ചരക്കു–സേവന നികുതി നിയമം പ്രാബല്യത്തിൽ വരുകയും മൂല്യാധിഷ്ഠിത നികുതി നിയമം ഇല്ലാതാവുകയും ചെയ്തിരുന്നു. 2018–ലെ ഭേദഗതിയനുസരിച്ച് 2012–ലെ നികുതി നിർണ്ണയം 2019 വരെ പുനർനിർണ്ണയിക്കാവുന്നതാണ്. അതനുസരിച്ചാണ് നികുതിദായകന്റെ 2012–ലെ നികുതി നിർണ്ണയം പുനഃപരിശോധിക്കാനുള്ള നോട്ടീസ് നികുതി ഉദ്യോഗസ്ഥൻ നികുതിദായകന് നല്കിയത്. ഇതിനെതിരെ നികുതിദായകൻ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ആറ് വർഷത്തിനു മുമ്പുള്ള നികുതി നിർണ്ണയം പുനഃപരിശോധിക്കാൻ നികുതി ഉദ്യോഗസ്ഥന് അധികാരമില്ലെന്നും 2018–ലെ ഭേദഗതി അസാധുവാണെന്നും നികുതിദായകൻ വാദിച്ചു. ഭേദഗതി വരുത്തിയത് മുൻകാല പ്രാബല്യത്തോടെയാണെന്നും ഭേദഗതി നിയമപ്രകാരം നിലനില്ക്കുമെന്നും സർക്കാർ വാദിച്ചു. 2018–ൽ കേരള വാറ്റ് നിയമം ഇല്ലാതായിയെന്നും ചരക്ക്–സേവന നികുതി നിയമം പ്രാബല്യത്തിലായെന്നും നിലവിലില്ലാത്ത നിയമത്തിൽ മുൻകാല പ്രാബല്യത്തോടെ വരുത്തിയ ഭേദഗതി നിയമവിരുദ്ധവും ഭരണഘടനാവിരുദ്ധവുമാണെന്ന് നികുതിദായകൻ ചൂണ്ടിക്കാട്ടി. ആറ് വർഷത്തിനു മുമ്പുള്ള നികുതി നിർണ്ണയം പുനഃപരിശോധിക്കാനുള്ള നോട്ടീസ് റദ്ദാക്കണമെന്ന് നികുതിദായകൻ ആവശ്യപ്പെടുകയും ചെയ്തു. കേരള വാറ്റ് നിയമം ഇല്ലാതായതിനു ശേഷം അതിൽ ഭേദഗതി കൊണ്ടുവരാൻ സർക്കാരിന് അധികാരമില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കി. നികുതി നിർണ്ണയം പുനഃപരിശോധിക്കാനുള്ള കാലപരിധി ഏഴു വർഷമായി ദീർഘിപ്പിക്കുന്ന ഭേദഗതി അസാധുവും നിയമവിരുദ്ധവും ഭരണഘടനാവിരുദ്ധവുമാണെന്ന് ഹൈക്കോടതി പ്രഖ്യാപിച്ചു. 2018–ലെ ഭേദഗതി നിയമപ്രകാരം നിലനില്ക്കാത്തതിനാൽ 2012–ലെ നികുതി നിർണ്ണയം പുനഃപരിശോധിക്കാനുള്ള 2018–ലെ നോട്ടീസ് നിയമവിരുദ്ധമാണെന്ന് വിലയിരുത്തിയ ഹൈക്കോടതി അത് റദ്ദാക്കുകയും നികുതിദായകന്റെ റിട്ട് ഹർജി അനുവദിക്കുകയും ചെയ്തു.